**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **12-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ നിലവിൽ നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡും ഗുണഭോക്താക്കൾക്ക് എത്ര തുക കുടിശിക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ആകെ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. കൂടാതെ തൊഴിൽ വകുപ്പിന്റെ അധികാര പരിധിക്കു പുറത്തു 14 തൊഴിലാളി ക്ഷേമനിധി ബോർഡുകളും പ്രവർത്തിച്ചു വരുന്നു . പ്രസ്തുത ബോർഡുകളിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകേണ്ട കുടിശ്ശിക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തനത് ഫണ്ട് ഉപയോഗിച്ച് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ മുടക്കം കൂടാതെ സമയബന്ധിതമായി വിതരണം നടത്തിവരുന്നു. ടി ഇനത്തിൽ കുടിശ്ശിക ഒന്നും നൽകാനില്ല.

2. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്നതിനായുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അധിവർഷാനുകൂല്യം | | വിവാഹ ധനസഹായം | | പ്രസവ ധനസഹായം | |
|---|---|---|---|---|---|
| ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാ വശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാ വശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാ വശ്യമായ തുക |
| 3,21,287 | 4,93,28,91,875 | 7,832 | 1,91,65,000 | 4,763 | 7,14,45,000 |

3. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്നതിനായുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക തുക |
|---|---|
| പെൻഷൻ | 1,60,49,600(നവംബർ 2024) |
| | 1,61,05,600 (ഡിസംബർ 2024) |
| | 1,62,27,200 (ജനുവരി 2025) |
| പ്രസവ ധനസഹായം | 5,64,00,000 |

4. **കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 1,79,81,400/- രൂപ കുടിശ്ശികയായി നൽകാനുണ്ട്.

5. **കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഇനത്തിൽ ഏകദേശം 1392 കോടി രൂപ നൽകാനുണ്ട്.

6. **<u>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u>**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2024 നവംബർ, ഡിസംബർ 2025 ജനുവരി എന്നീ മൂന്ന് മാസത്തെ അംശദായ പെൻഷൻ കുടിശ്ശിക ഇനത്തിൽ 27,40,14,000/- രൂപയും, 2023 ഒക്ടോബർ മാസം മുതൽ 2024 ജനുവരി വരെയുള്ള നാല് മാസത്തേയും 2024 ജൂലൈ മുതൽ 2025 ജനുവരി മാസം വരെയുള്ള ഏഴ് മാസത്തെയും അവശത പെൻഷനുമാണ് നിലവിൽ കുടിശ്ശികയായിട്ടുള്ളത്. ടി ഇനത്തിൽ 2,28,80,000/- രൂപയും കുടിശ്ശിക ഗുണഭോക്താക്കൾക്ക് നൽകാനുണ്ട്.

7. **<u>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 നവംബർ മുതൽ 2025 ജനുവരി വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. മറ്റ് ആനുകൂല്യങ്ങളൊന്നും കുടിശ്ശിക ഇല്ല. കുടിശ്ശിക പെൻഷൻ നൽകുന്നതിന് 4,07,04,000/- രൂപ ആവശ്യമുണ്ട്.

8. **<u>കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>**

<u>അൺ-അറ്റാച്ച്ഡ്</u>

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അൺ-അറ്റാച്ച്ഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും നാളിതുവരെ കുടിശികയില്ലാതെയാണ് പ്രതിമാസം പെൻഷൻ വിതരണം ചെയ്ത് വരുന്നത്.

<u>സ്കാറ്റേർഡ് വിഭാഗം</u>

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം 4989 പെൻഷൻ ഗുണഭോക്താക്കൾക്ക് 2024 നവംബർ, ഡിസംബർ , 2025 ജനുവരി മാസങ്ങളിലെ പെൻഷൻ ഇനത്തിൽ 2,39,29,200/- രൂപ വിതരണം ചെയ്യേണ്ടതുണ്ട് .

9. **<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2024 നവംബർ മാസം മുതലുള്ള പെൻഷൻ തുക വിതരണം ചെയ്യാനുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2024 നവംബർ - 1932800/- രൂപ
- 2024 ഡിസംബർ - 1953600/- രൂപ
- 2025 ജനുവരി - 1987200/- രൂപ

61 ഗുണഭോക്താക്കൾക്ക് 3,75,500/- രൂപ ആനുകൂല്യ ഇനത്തിൽ വിതരണം ചെയ്യാനുണ്ട്.

## 10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ വിവിധ ആനുകൂല്യങ്ങൾക്കായി ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തിയ ശേഷം പത്ത് ദിവസത്തിനുള്ളിൽ ആനുകൂല്യം വിതരണം നടത്തി വരുന്നുണ്ട്. അതുകൊണ്ടു തന്നെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ആനുകൂല്യവിതരണത്തിൽ കുടിശ്ശിക വരുന്നില്ല. വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2024-2025 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകൾ സബ്കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച ശേഷം 2025 മാർച്ചിനു മുമ്പായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ നൽകിവരുന്നു.

## 12. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് നിലവിൽ കുടിശ്ശികയൊന്നും നൽകാനില്ല.

## 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായം മുഖേന 2024 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2024 നവംബർ മാസം 953 ഗുണഭോക്താക്കൾക്ക് 15,24,800/- രൂപ പെൻഷൻ നൽകുവാനുണ്ട്.
- 2024 ഡിസംബർ മാസം 965 ഗുണഭോക്താക്കൾക്ക് 15,44,000/- രൂപ പെൻഷൻ നൽകുവാനുണ്ട്.
- 2024 ജനുവരി മാസം 976 ഗുണഭോക്താക്കൾക്ക് 15,61,600/- രൂപ പെൻഷൻ നൽകുവാനുണ്ട്.

മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

## 14. **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളിൽ കുടിശ്ശിക ഒന്നുംതന്നെ ഇല്ല. അധിക പ്രസവ ധനസഹായ ഇനത്തിൽ ജൂൺ 2021 മുതൽ 31/01/2025 വരെ 5934 ഗുണഭോക്താക്കൾക്ക് 7,71,42,000/- രൂപ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടെ വിതരണം ചെയ്തുവരുന്ന പെൻഷൻ 2024 ഒക്ടോബർ മാസം വരെ പൂർത്തീകരിച്ചിട്ടുണ്ട്. 2024 നവംബർ മുതൽ 2025 ജനുവരി വരെ 3 മാസത്തെ കുടിശ്ശിക പെൻഷൻ തുകയായ 49,34,59,200/- രൂപ വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ട്.

## 15. **കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നു.

## 16. **കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ സർക്കാർ ധനസഹായത്തോടെ വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ 2024 നവംബർ, ഡിസംബർ മാസങ്ങളിലായി 5,69,12,000/- രൂപ പെൻഷൻ ഗുണഭോക്താക്കൾക്ക് കുടിശ്ശികയായി നൽകാനുണ്ട്.

തൊഴിൽവകുപ്പിന്റെ അധികാരപരിധിക്കു പുറത്തു വരുന്ന 14 തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു :

## 1. കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നൽകുന്നതിനായി 14,13,06,000/- രൂപയും വിരമിക്കൽ ആനുകൂല്യം നൽകുന്നതിലേക്കായി 5,29,15,000/- രൂപയും ക്ഷേമനിധി ആനുകൂല്യമായി 27,03,90,000/- രൂപയും ഉൾപ്പെടെ ആകെ 46,46,11,000/- രൂപ അനുവദിക്കാനുണ്ട്.

## 2 കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രതിമാസം 1600/- രൂപ പെൻഷൻ നൽകി വരുന്നു. പെൻഷൻ നിലവിൽ 3 മാസം കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ചിട്ടുള്ള തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം 2020 മുതൽ കുടിശ്ശികയാണ്. 2023-24 വരെ ക്ഷേമനിധിയിലെ അംഗത്വ കാലയളവ് കണക്കാക്കി പ്രതിവർഷം 500/- രൂപ നിരക്കിൽ തൊഴിലാളികൾ വിരമിക്കുമ്പോൾ നൽകേണ്ട വിരമിക്കൽ അനുകൂല്യ ഇനത്തിൽ (കുറഞ്ഞത് 2500/- രൂപ മുതൽ 15,000/- രൂപ വരെ) 25.45 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്.

## 3. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 60 വയസ്സ് പൂർത്തിയായവർക്കുള്ള പെൻഷൻ നിലവിൽ സർക്കാരിൽ നിന്നാണ് അനുവദിച്ച് നൽകുന്നത്. 3 മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് 25,20,000/- രൂപയും, ബോർഡിൽ നിന്ന് വിതരണം ചെയ്യുന്ന കുടുംബ/അവശതാപെൻഷൻ മൂന്ന് മാസത്തെ കുടിശ്ശിക 5,47,200/- രൂപയുമാണ് . ചട്ടപ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 40,22,000/- രൂപയും കുടിശ്ശിക വരുമെന്ന് കണക്കാക്കുന്നു.

## 4. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ വിതരണ കുടിശ്ശികയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ധനസഹായം | മാസം | വിതരണം ചെയ്യാനുള്ള തുക |
|---|---|---|---|
| 1 | പെൻഷൻ (300 രൂപ ക്ഷേമനിധി വിഹിതവും 1300/- രൂപ സർക്കാർ വിഹിതവും) | 2024 നവംബർ | 8,11,96,800/- |
| | | 2024 ഡിസംബർ | 8,11,96,800/- |
| | | 2025 ജനുവരി | 8,13,08,800/- |

## 5. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബോർഡ്

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ കുടിശ്ശിക ഇല്ല.

## 6. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ സംബന്ധിച്ച കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | കുടിശ്ശിക തുക (2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലെ) |
|---|---|
| പെൻഷൻ | 3,24,41,200 |
| ഫാമിലി പെൻഷൻ | 7,41,400 |
| അവശതാ പെൻഷൻ | 13,200 |

## 7. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ 2024 നവംബർ മാസം മുതൽ 2025 ജനുവരി മാസം വരെ പെൻഷൻ ഇനത്തിൽ 3,37,39,200/- രൂപയും കുടുംബ പെൻഷൻ ഇനത്തിൽ 2024 ഓഗസ്റ്റ് മാസം മുതൽ 2025 ജനുവരി മാസം വരെ 17,90,400/- രൂപയും നൽകുവാനുണ്ട്.

## 8. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മത്സ്യ തൊഴിലാളി/അനുബന്ധത്തൊഴിലാളി പെൻഷണർമാർക്ക് പ്രതിമാസം 1600/- രൂപ നിരക്കിൽ 3 മാസത്തെ കുടിശ്ശികയാണ് കൊടുക്കാവാനുള്ളത് (2024 നവംബർ, ഡിസംബർ, 2025 ജനുവരി) വിധവ പെൻഷണർമാർക്ക് 8 മാസത്തെ കുടിശ്ശികയാണ് കൊടുക്കുവാനുള്ളത്. (2024 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ 2025 ജനുവരി) ആയതിന്റെ കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വിതരണം ചെയ്യേണ്ട തുക |
|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 24,76,80,000/-രൂപ |
| 2 | വിധവ പെൻഷൻ | 11,26,65,600/-രൂപ |
| 3 | വിവാഹ ധനസഹായ പദ്ധതി | 45,25,000/- രൂപ |

## 9. **കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ്**

കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യേണ്ട തുക ചുവടെ ചേർക്കുന്നു:

| ക്രമ നം | ഇനം | വിതരണം ചെയ്യേണ്ട തുക |
|---|---|---|
| 1 | അംശദായം | 1,15,53,748/- |
| 2 | പെൻഷൻ | 24,78,000 |
| 3 | മരണാനന്തര ധനസഹായം | 19,88,240/- |

## 10. **കേരള വ്യാപാരി ക്ഷേമ ബോർഡ്**

- വ്യാപാരി ക്ഷേമബോർഡിൽ ഒക്ടോബർ 2024 വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ഇനി 3 മാസത്തെ പെൻഷൻ വിതരണം നടത്താനുണ്ട്. ആയതിനായി 5,76,00,000/- രൂപ പെൻഷൻ തുക കുടിശ്ശിക നല്കുവാനുണ്ട് .
- മരണാനന്തര ആനുകൂല്യ കുടിശ്ശിക തുക - 1,79,20,000/- രൂപ
- എക്സ്ഗ്രേഷ്യാ ആനുകൂല്യ കുടിശ്ശിക തുക - 56,00,000/- രൂപ

## 11. **കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്**

കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശിക ഇല്ല.

## 12. **കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്**

കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിലവിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശിക ഇല്ല.

## 13. **കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ്**

കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ പെൻഷൻ കുടിശ്ശിക നിലവിൽ ഇല്ല. വിവാഹ ധനസഹായ കുടിശ്ശിക തുക 90,50,000/- രൂപ നൽകാനുണ്ട്.

**14. <u>കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായം പിരിവ് ആരംഭിച്ചിട്ടില്ല. ആയതിനാൽ പെൻഷനോ മറ്റു ആനുകൂല്യങ്ങളോ വിതരണം ചെയ്യാനും ആരംഭിച്ചിട്ടില്ല.